(16) വെള്ളായണി വാട്ടർ സപ്ലൈ സ്കീം

ഡോ. എ. നീലലോഹിതദാസൻ നാടാർ : സർ, തിരുവനന്തപുരം പട്ടണത്തിൽ കഴിഞ്ഞ ഏതാനും വർഷങ്ങൾക്കുള്ളിൽ ഇടയ്ക്കിടയ്ക്ക് ഉണ്ടായിട്ടുള്ള ശുദ്ധജല ക്ഷാമത്തെക്കുറിച്ചും പ്രശ്നങ്ങളെക്കുറിച്ചും അങ്ങേയ്ക്ക് നേരിട്ട് അറിയാവുന്നതാണ്. അതുപോലെതന്നെ കേരളത്തിന്റെ തെക്കൻ പ്രദേശങ്ങളിൽ വളരെക്കാലമായി ശുദ്ധജലക്ഷാമം നിലനിൽക്കുകയാണ്. കേരളത്തിന്റെ തെക്കൻപ്രദേശങ്ങളിലെ ഗ്രാമ പഞ്ചായത്തുകളിലും തിരുവനന്തപുരം പട്ടണത്തിലും ശുദ്ധജലവിതരണം നടത്താൻ പര്യാപ്തമാകുന്ന ഒരു പദ്ധതിയെന്നുള്ളനിലയിലാണ് വെള്ളായണി വാട്ടർസപ്ലൈ സ്കീം ആരംഭിക്കുന്നത് സംബന്ധിച്ച് ഗവൺമെന്റ് തത്വത്തിൽ തീരുമാനിക്കുകയും അതു സംബന്ധിച്ച് ഇൻവെസ്റ്റിഗേഷൻ പ്രവർത്തനങ്ങളാരംഭിക്കുകയും ചെയ്തത്. പക്ഷേ ഇതിന്റെ ഇൻവെസ്റ്റിഗേഷൻ പ്രവർത്തനങ്ങൾ ഒച്ചിഴയുന്ന തരത്തിലാണ് പോകുന്നത്. അത് ദ്രുതഗതിയിൽ പൂർത്തിയാക്കുകയും അതുസംബന്ധിച്ച് സഹായം ലഭിക്കാനുള്ള മാർഗ്ഗങ്ങൾ കണ്ടെത്തുകയും നടപ്പിലാക്കുകയും ചെയ്യണം. അതിൽ കാലതാമസമുണ്ടാകരുതെന്ന് അഭ്യർത്ഥിക്കുന്നു.

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി.പി. രാമകൃഷ്ണപിള്ള) : സർ, വെള്ളായണി കായലിലെ പദ്ധതിയെ സംബന്ധിച്ച ഇൻവെസ്റ്റിഗേഷൻ നടന്നുകൊണ്ടിരിക്കുകയാണ്. അതിന്റെ എഞ്ചിനീയറിംഗ് റിപ്പോർട്ട് തയ്യാറാക്കുന്നതിനുവേണ്ടി അവിടത്തെ ജല ലഭ്യത, അതിന്റെ ഗുണമേന്മ സ്രോതസിന്റെ സംരക്ഷണത്തിനാവശ്യമായ പ്രവർത്തനങ്ങൾ എന്നിവ തിട്ടപ്പെടുത്തി റിപ്പോർട്ട് നൽകുന്നതിന് സെന്റർ ഫോർ എർത്ത് സയൻസ് സ്റ്റഡീസ് എന്ന സ്ഥാപനത്തെ ചുമതലപ്പെടുത്തിയിരിക്കുകയാണ്. പ്രസ്തുത പഠനം പുരോഗമിച്ചുകൊണ്ടിരിക്കുന്നു. ഈ സ്ഥാപനത്തിൽനിന്നും അന്തിമ റിപ്പോർട്ട് ലഭിച്ചുകഴിഞ്ഞാൽ ഉടൻ വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ട് തയ്യാറാക്കി കേന്ദ്ര സർക്കാരിന് സമർപ്പിക്കുകയും പണി തുടങ്ങുന്നതിനാവശ്യമായ നടപടി സ്വീകരിക്കുകയും ചെയ്യുന്നതാണ്.

മി. സ്പീക്കർ : ബഹുമാനപ്പെട്ട മോൻസ് ജോസഫിന്റെ സബ്മിഷൻ ഇപ്പോൾ ചെയർ അനുവദിച്ചിരിക്കുകയാണ്. അതിനുശേഷം ബഹുമാനപ്പെട്ട തോമസ് ചാഴികാടൻ ഒരു നോട്ടീസ് ചെയറിന് തന്നിട്ട് ഒരു ഒബ്ജക്ഷൻ, എന്നു പറഞ്ഞാൽ ഒരു നിയോജകമണ്ഡലത്തിലെ അതിർത്തിയുടെ പ്രശ്നം ഞാൻ പറഞ്ഞല്ലോ, അതിന്റെ പേരിൽ അദ്ദേഹം എഴുതി തന്നിട്ടുണ്ട്. കഴിഞ്ഞ ദിവസം ശ്രീ. തോമസ് ചാഴികാടൻ സബ്മിഷൻ കൊണ്ടുവന്നപ്പോൾ അങ്ങും ശ്രീ. പി. നാരായണനുംകൂടി ഒബ്ജക്ഷൻ കൊണ്ടുവന്നു. ചെയർ ഈ കാര്യത്തിൽ നിസ്സഹായനാണ്. അതുകൊണ്ട് ഈ സബ്മിഷൻ ഇപ്പോൾ ഉന്നയിക്കുക. ഉന്നയിക്കുമ്പോൾ 'എന്റെ നിയോജകമണ്ഡലത്തിലെ' കാര്യം എന്നു കൂടി ചേർക്കണം. മറ്റ് കാര്യങ്ങൾ വേണ്ട. അത് സ്വീകാര്യമാണ്. അല്ലാതെ എന്തുചെയ്യാൻ കഴിയും?

(17) കടുത്തുരുത്തി മണ്ഡലത്തിലെ പട്ടർമഠം കുടിവെള്ള പദ്ധതി

ശ്രീ. മോൻസ് ജോസഫ് : സർ, കടുത്തുരുത്തി നിയോജകമണ്ഡലത്തിലെ വിവിധ പഞ്ചായത്തുകളിൽ കുടിവെള്ളമെത്തിക്കുന്നതിനുവേണ്ടിയുള്ള പദ്ധതികൾ പൂർത്തിയാക്കണമെന്നഭ്യർത്ഥിക്കുകയാണ്. എന്റെ നിയോജകമണ്ഡലത്തിലെ കാര്യമാണ് ഞാൻ പറയുന്നത്. പക്ഷേ അതിന്റെ പ്രയോജനം മറ്റ് സ്ഥലങ്ങളിലും കിട്ടുന്നുണ്ടെന്നുള്ളത് ശരിയാണ്. കടുത്തുരുത്തി

LIBRARY ARCHIVES Kerala Legislative Assembly